**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3809** **06-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേത്ര ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം ഇപ്പോൾ എത്രയാണെന്നും റിട്ടയർമെന്റ് ഒഴിവുകൾ നിലവിൽ എങ്ങനെയാണ് നികത്തുന്നതെന്നും വ്യക്തമാക്കാമോ? | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ, പാരമ്പര്യ തസ്തിക ഒഴികെയുള്ള തസ്തികകളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 65 വയസ്സ് ആണ്. ഇപ്രകാരം വിരമിക്കൽ വഴി ഉണ്ടാകുന്ന സ്ഥിരം / താൽക്കാലിക ഒഴിവുകളിൽ പകരം നിയമനം നടത്തുന്നതിനുള്ള അധികാരം ഹിന്ദുമത ധർമ്മസ്ഥാപന നിയമം 1951 സെക്ഷൻ 48 പ്രകാരം അതാത് ക്ഷേത്രം ഭരണാധികാരികൾക്കാണ്. പാരമ്പര്യ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ, ടി തസ്തികയുടെ പാരമ്പര്യ അവകാശം അനുസരിച്ച് കൈമാറ്റം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. പാരമ്പര്യ/ പാരമ്പര്യേതര തസ്തികകളിൽ ട്രസ്റ്റിമാർ നടത്തുന്ന നിയമനങ്ങളിലെ നടപടിക്രമങ്ങളിലെ സുതാര്യത പരിശോധിച്ച് നിയമനം അംഗീകരിക്കുന്ന നടപടി മാത്രമാണ് നിലവിൽ മലബാർ ദേവസ്വം ബോർഡിനുള്ളത്. |

സെക്ഷൻ ഓഫീസർ